"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സിനിമാ തിയേറ്ററുകൾ ഉൾപ്പടെ സംസ്ഥാനത്തെ എല്ലാ വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 30-04-2022 വരെ ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.827/2022/LSGD    തിരുവനന്തപുരം,തീയതി: 01-04-2022

---

പരാമർശം:-    03-02-2022 ലെ സ.ഉ.(സാധാ) നം. 219/2022/തസ്വഭവ

**ഉത്തരവ്**

2021-22, 2022-23 വർഷങ്ങളിലെ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന വിവിധ വ്യാപാര വാണിജ്യ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 31-03-2022 വരെ ദീർഘിപ്പിച്ച് പരാമർശം പ്രകാരം ഉത്തരവായിരുന്നു.

സംസ്ഥാനത്തെ വ്യാപാരികളുടെ അപേക്ഷകൾ പരിഗണിച്ച് 31-03-2022 ന് കാലാവധി അവസാനിക്കുന്ന സിനിമാതിയേറ്ററുകൾ ഉൾപ്പടെയുള്ള എല്ലാ വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 30-04-2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു. ടി ഉത്തരവിന്റെ ആനുകൂല്യം 2021-22 വർഷത്തെ ലൈസൻസ് നാളിതുവരെ പുതുക്കാത്തവർക്കും 2022-23 വർഷത്തെ ലൈസൻസ് പുതുക്കുവാൻ അപേക്ഷിക്കുന്നവർക്കും ലഭിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർക്ക് (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിII) കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
7. ഐ.&പി.ആർ. വെബ് ന്യൂ മീഡിയ.
8. കരുതൽ ശേഖരം / ഓഫീസ് പകർപ്പ് (ആർസി3/22/2022/തസ്വഭവ)

*ഉത്തരവിൻ പ്രകാരം*

**Signed by Pradeesh M**
**Date: 02-04-2022 10:32:40**

*സെക്ഷൻ ഓഫീസർ*